(ബി) ഓരോന്നിനും ഉണ്ടായിരിക്കേണ്ട അകലം എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) അനധികൃത ഉപഷാപ്പുകൾ നാട്ടിൽ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ അതിനെതിരെ എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഒരു മദ്യഷാപ്പിന് രണ്ട് ഉപഷാപ്പുകളാണ് സാധാരണ അനുവദിക്കാറുള്ളത്. മലയോരപ്രദേശങ്ങളിൽ ഒരു മദ്യഷാപ്പിന് 4 ഉപഷാപ്പുകൾ അനുവദിക്കാറുണ്ട്.

(ബി) ഒരു മദ്യഷാപ്പിന് അനുവദിച്ചിട്ടുള്ള ഉപഷാപ്പുകൾ സ്ഥാപിക്കുന്നതിന് അകലം നിജപ്പെടുത്തിയിട്ടില്ല. എന്നാൽ അവ മറ്റൊരു ലൈസൻസിയുടെ മെയിൻ ഷാപ്പിനും ഉപഷാപ്പിനും 800 മീറ്ററിൽ കൂടുതൽ അകലത്തിലായിരിക്കണം.

(സി & ഡി) അനധികൃത ഉപഷാപ്പുകൾ കണ്ടെത്തിയാൽ ഉടൻ അബ്കാരി നിയമപ്രകാരം കേസെടുക്കുകയും പ്രസ്തുത ഷാപ്പ് അടച്ചുപൂട്ടിയശേഷം തൊണ്ടി സാധനങ്ങൾ ഗവൺമെന്റിലേക്ക് മുതൽ കൂട്ടുകയും ചെയ്യുന്നു.

ബിവറേജ് കോർപ്പറേഷന്റെ മദ്യ സ്റ്റോക്ക്

813. [1006] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 30-9-1986-ൽ ബീവറേജ് കോർപ്പറേഷന്റെ ഓരോ ഇനത്തിൽപ്പെട്ട എത്ര മദ്യം സ്റ്റോക്കുണ്ട് ;

(ബി) ഇതിന് എന്ത് മതിപ്പു വില വരും ;

(സി) കഴിഞ്ഞ ഒരു വർഷമായി ചെലവാകാതെ സ്റ്റോക്കുള്ള മദ്യത്തിന്റെ കണക്കിന്റെ മതിപ്പു വില പറയാമോ ;

(ഡി) വിറ്റഴിയാൻ കഴിയാത്ത മദ്യം ബന്ധപ്പെട്ട കമ്പനികൾക്ക് മടക്കിക്കൊടുക്കാൻ കഴിയുമോ ?

ഉത്തരം

(എ)	വിസ്കി	18018	കെയ്സ്
	ബ്രാൻഡി	31046	,,
	റം	20228	,,
	ജിൻ	3175	,,
	വൈൻ	753	,,
	ബിയർ	22554	,,

(ബി) 2.13 കോടി രൂപ.

(സി) 9.44 ലക്ഷം രൂപ.

(ഡി) ഇല്ല. എന്നാൽ ഈ ഇനം മദ്യത്തിന്റെ വില്പന ത്വരിതപ്പെടുത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ബന്ധപ്പെട്ട കമ്പനികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതനുസരിച്ച് ചില കമ്പനികൾ മുൻകൈയ്യെടുത്ത് അവരുടെ മദ്യം വിറ്റഴിച്ചു കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly